

ദനഹാക്കാലം
എട്ടാം ഞായർ

എമ്മാവൂസ്
വചനദൂത്

# ദൗത്യത്തിന്റെ മൊഴികൾ

മത്തായി 9: 35 – 10:4; ഉൽപ. 49: 22 – 26; ജറെ. 23: 1 – 4; 1 പത്രോ. 5: 1 – 11

ബ്ര. മിജോ കൊല്ലന്റെകിഴക്കേതിൽ

Vol. 12, Issue: 38

**ഈ**ശോമിശിഹായിൽ പ്രിയപ്പെട്ട മാതാപിതാക്കളേ, സഹോദരീസഹോദരന്മാരേ,

“How much does it cost?” ഇതിന് എത്ര രൂപയാണ്?

വർഷങ്ങൾക്കു മുമ്പ് മംഗളൂരു നഗരത്തിൽ ഓറഞ്ച് കച്ചവടം നടത്തിയിരുന്ന ഒരു മനുഷ്യനോട് താൻ വിൽക്കുന്ന ഓറഞ്ചുകൾക്ക് എത്ര രൂപയാണ് എന്ന് വിദേശികൾ ഇംഗ്ലീഷിൽ ചോദിച്ചു. എന്നാൽ ആ ചോദ്യം മനസിലാക്കാൻ പറ്റാത്തതു കൊണ്ട് അതിന് ഉത്തരം കൊടുക്കാൻ സാധിക്കാത്ത ഒരു സാധുമനുഷ്യനുണ്ടായിരുന്നു; പേര് ഹരേക്കള ഹജബ്ബ. തന്റെ അറിവില്ലായ്മയെപ്പറ്റി മനസിലാക്കിയ ഇദ്ദേഹം താൻ വിറ്റ ഓറഞ്ചിന്റെ ചെറിയ വരുമാനത്തിൽ നിന്നും മിച്ചം വച്ച് കുട്ടികൾക്ക് വിജ്ഞാനം പകരുന്ന ഒരു വിദ്യാലയം തന്നെ തുടങ്ങുകയുണ്ടായി. 2020 -ൽ ഭാരത സർക്കാർ അദ്ദേഹത്തിന് പത്മശ്രീ പുരസ്കാരം നൽകി ആദരിച്ചു. “How much does it cost?” എന്ന ഒരൊറ്റ വാചകത്തിൽ നിന്നും തന്റെ ദൗത്യം തിരിച്ചറിഞ്ഞ ഒരു മനുഷ്യന്റെ കഥയാണിത്.

ഇന്ന് ദനഹാക്കാലം എട്ടാം ഞായറാഴ്ച. ഒരു വാക്ക് എങ്ങനെ ഒരു ദൗത്യമാക്കി മാറ്റാം എന്ന വലിയ ഓർമ്മപ്പെടുത്തലാണ് ഇന്നത്തെ സുവിശേഷത്തിലൂടെ ക്രിസ്തു നമുക്ക് നൽകുകയാണ്. വി. മത്തായി അറിയിച്ച സുവിശേഷം 9-ാം അദ്ധ്യായം 35 മുതൽ 10-ാം അദ്ധ്യായം 4 വരെയുള്ള വചനഭാഗമാണ് നാം ഇന്ന് ധ്യാനിക്കുന്നത്. വിളഭൂമിയിലേക്ക് വേലക്കാരെ അയയ്ക്കാൻ വിളവിന്റെ നാഥനോട് പ്രാർത്ഥിക്കാൻ ആവശ്യപ്പെടുന്ന ഈശോയെയും അത് ശ്രവിക്കുന്ന ശിഷ്യ സമൂഹത്തെയും നാം ഇന്ന് വചനത്തിൽ കണ്ടുമുട്ടുന്നു. തുടർന്ന് നാം കാണുന്നത് ഈശോയുടെ 12 അപ്പസ്തോലന്മാരുടെ പേരുവിവരമാണ്.

താൻ ആരെന്നും തന്റെ ദൗത്യമെന്തെന്നും ലോകത്തിനു വെളിവാക്കുന്ന ക്രിസ്തുവിനെയാണ് ഈ ദനഹാക്കാലം മുഴുവൻ നാം അനുസ്മരിച്ചത്. ദനഹാക്കാലത്തിന്റെ ഈ അവസാന ആഴ്ചയിൽ നാം എത്തിനിൽക്കുമ്പോൾ വലിയൊരു ദൗത്യം നമുക്ക് നൽകിയാണ് ക്രിസ്തുവും സഭയും നമ്മെ നോമ്പുകാലത്തിലേക്ക് ക്ഷണിക്കുന്നത്.

ആദ്യം തന്നെ നമുക്ക് ഇന്നത്തെ വചനത്തിന്റെ പശ്ചാത്തലത്തിലേക്ക് ഇറങ്ങിച്ചെല്ലാം. മത്തായി സുവിശേഷം 9-ാം അദ്ധ്യായത്തിന്റെ ഭൂരിഭാഗവും ഈശോ ജനത്തോട് ഒപ്പം നിന്ന്, ജനത്തിനു വേണ്ടി പ്രവർത്തിക്കുന്ന ഈശോയെയാണ് നാം കാണുന്നത്. എന്നാൽ അദ്ധ്യായത്തിന്റെ അവസാനഭാഗം ഈശോ ശിഷ്യരോടായി പറയുന്നു: “വിളവധികം; വേലക്കാരോ ചുരുക്കം. അതിനാൽ തന്റെ വിളഭൂമിയിലേക്ക് വേലക്കാരെ അയയ്ക്കാൻ വിളവിന്റെ നാഥനോട് പ്രാർത്ഥിക്കുവിൻ.” ഇപ്പോൾ നമ്മുടെ ഉള്ളിൽ തോന്നാം, ആരാണ് വേലക്കാർ? എന്താണ് വിളഭൂമി? എന്താണ് വേല? ഇന്ന് നാമോരോരുത്തരും ഈ മൂന്നു

ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തിക്കഴിയുമ്പോൾ ഇന്നത്തെ തിരുവചനം നമ്മെ വലിയ ദൗത്യത്തിലേക്ക് നയിക്കുമെന്നതിൽ സംശയമില്ല.

ഒരുപക്ഷേ, ഈ വചനത്തെ നാം ധ്യാനിക്കുമ്പോൾ ദൈവശുശ്രൂഷ നിർവ്വഹിക്കേണ്ട സന്യസ്തരുടെയും വൈദികരുടെയും മാത്രം ദൗത്യമായി ഈ വിളഭൂമിയും വേലയും മാറാറുണ്ട്. എന്നാൽ വചനത്തിൽ ഈശോ, ഇത് ശ്രവിക്കുന്ന ഓരോരുത്തർക്കും ഓരോരോ ആഹ്വാനങ്ങൾ നൽകുന്നുണ്ട്. അതായത്, ആദ്യ ചോദ്യം 'ആരാണ് വേലക്കാർ' എന്നതിനുത്തരം ഇത്രമാത്രം; നാം ഓരോരുത്തരുമാണത്. നമ്മുടെ ദൗത്യം ആടുകളുടെ ഇടയനാകാനും വിളഭൂമിയിലെ വേലക്കാർ ആകാനുള്ളതുമാണ്. അപ്രകാരം നാം ക്രിസ്തുവിന്റെ ദൗത്യത്തിന്റെ തുടർച്ചക്കാരാവുകയാണ്. ഇതാണ് ക്രിസ്തുവിന്റെ അനുയായി 'ക്രിസ്ത്യാനി' എന്ന പദം പോലും അർത്ഥമാക്കുന്നത്. ഒരുപക്ഷേ, നാം ചിന്തിക്കാം, ഈ വലിയ ദൗത്യം നിർവ്വഹിക്കാൻ എളിയവരായ നമുക്ക് സാധിക്കുമോ എന്നുള്ളത്. നമ്മുടെ ഈ ചിന്തയ്ക്ക് ഉത്തരമാണ് ഇന്നത്തെ മറ്റു വായനകൾ നമുക്ക് നൽകുന്നത്. ഒന്നാം വായനയിൽ ഉൽപത്തി 49-ാം അദ്ധ്യായത്തിൽ ഇടയനായ ദൈവം ജോസഫിനെ അനുഗ്രഹിക്കുന്ന രംഗമാണ്. രണ്ടാം വായനയിൽ ജറെമിയ 23-ാം അദ്ധ്യായത്തിൽ ഇസ്രയേലിനെ നയിക്കാൻ ഇടയന്മാരെ നൽകുമെന്ന് ഉറപ്പാണ്. ഇതിനോട് ചേർത്തുവായിക്കാവുന്ന ഒന്നാണ് നാം വായിച്ചുകേട്ട ലേഖനഭാഗം. 1 പത്രോസ് 5-ാം അദ്ധ്യായത്തിൽ നാം കാണുന്നത്, നിങ്ങൾക്ക് എൽപിച്ചുതന്നിരിക്കുന്ന ദൈവത്തിന്റെ അജഗണത്തെ പരിപാലിക്കുവിൻ എന്ന ആഹ്വാനമാണ്. ഈ വായനകളെല്ലാം കൂട്ടിവായിക്കുമ്പോൾ നമുക്ക് കാണാൻ സാധിക്കും, ക്രിസ്തുവിന്റെ ഇടയധർമ്മം തുടർന്നുകൊണ്ടുപോകാൻ ക്രിസ്തു തിരഞ്ഞെടുത്ത് ശക്തി നൽകുന്നത് നാം ഓരോരുത്തർക്കുമാണ്. അതായത്, വിളഭൂമിയിലെ വേലക്കാർ നാം ഓരോരുത്തരുമാണ്.

രണ്ട് എന്താണ് വേല? എപ്രകാരം ക്രിസ്തുദൗത്യം നമുക്ക് തുടരാൻ സാധിക്കുമെന്നു നോക്കാം. സാധാരണക്കാരായ കുടുംബജീവിതം നയിക്കുന്ന നാം ഓരോരുത്തർക്കും ക്രിസ്തുവിനെപ്പോലെ ഗ്രാമങ്ങൾ തോറും സഞ്ചരിച്ച് സുവിശേഷം പങ്കുവയ്ക്കാൻ സാധിക്കില്ലായിരിക്കാം, രോഗശാന്തിവരങ്ങൾ ഇല്ലായിരിക്കാം. അപ്പോൾ നാം എന്തുചെയ്യും? അതിനുള്ള ഉത്തരം ഇന്നത്തെ വചനം തന്നെ നമുക്ക് നൽകുന്നുണ്ട്. ഇന്നത്തെ വചനത്തിലെ ക്രിസ്തുവിന്റെ അവസാനത്തെ പ്രവർത്തി, 9-ാം അദ്ധ്യായം 36-ാം വാക്യം 'യേശുവിന് അവരുടെമേൽ അനുകമ്പ തോന്നി' എന്ന വലിയ ദൗത്യം. മൂലഭാഷയായ ഗ്രീക്കിൽ ഈ വാക്ക് തന്നിരിക്കുന്നത് 'സ്പാളാൻഖ്നീറ്റ് സൊമായ്' എന്നാണ് ഇതിനർത്ഥം. 'കുടലിൽ ഇളക്കമുണ്ടാക്കുക' എന്നതാണ് ഇത് മാതൃത്വത്തിന്റെ ഭാവമാണ്. ഇവിടെ നമുക്ക് നമ്മുടെ മൂന്നാമത്തെ ചോദ്യത്തിനുള്ള ഉത്തരവും ലഭിക്കുന്നു. എന്താണ് വിളഭൂമി എന്നുള്ളതും. യഥാർത്ഥ വിളഭൂമി നീ കണ്ടുമുട്ടുന്ന ഓരോരുത്തരുമാണ്. മറ്റൊരാളുടെ വേദനയിൽ, മറ്റൊരാളുടെ നിസ്സഹായതയിൽ, മറ്റൊരാളുടെ കണ്ണീരിൽ അയാളോട് അനുകമ്പയുള്ളവരാവുക എന്നതാണ് നമ്മുടെ ഓരോരുത്തരുടെയും ദൗത്യം. ക്രിസ്തുവിനെപ്പോലെ വേദനിക്കുന്ന ഹൃദയങ്ങൾ അറിഞ്ഞ് അവരോട് അനുകമ്പ തോന്നുന്ന മാതൃഭാവം ഉള്ളവരായിരിക്കുക എന്നതാണ് നമ്മുടെ ദൗത്യം. ഭാര്യാഭർതൃബന്ധത്തിൽ, സഹോദരങ്ങളുടെ ഇടയിൽ, ജോലിസ്ഥലങ്ങളിൽ നാം എവിടെയൊക്കെ ആയിരിക്കുന്നോ അവിടെയാക്കെ നമുക്ക് അനുകമ്പയോടെ വർത്തിക്കാം. അപരനോട് അൽപം കരുണ കാട്ടാൻ ഇന്നത്തെ സുവിശേഷം നമ്മെ ഓർമ്മപ്പെടുത്തുന്നു. വി. ഹിലാരി ഇന്നത്തെ വചനഭാഗത്ത് ചേർത്തു പറയുന്ന ഒന്നാണ്, അശുദ്ധാത്മാക്കളുടെ പിടിയിൽ പെട്ട് വലഞ്ഞിരുന്നതിനാലും നിയമത്തിന്റെ ഭാരത്താൽ തളർന്നിരുന്നതിനാലും ഈശോയ്ക്ക് അവരുടെ മേൽ കരുണ തോന്നി എന്നാണ്. അതെ, ഈശോയെപ്പോലെ ആ ദൗത്യം നമുക്കും ഏറ്റെടുക്കാം. പ്രയാസങ്ങളും വേദനകളുമില്ലാത്തവരായി ഈ ലോകത്തിൽ ആരുമില്ല. വി. അഗസ്റ്റിൻ പറയുന്നുണ്ടല്ലോ, ''ദൈവത്തിന് പാപങ്ങളില്ലാത്ത ഒരു മകൻ ഈ ലോകത്ത് ഉണ്ടാകാം. എന്നാൽ വേദനകളില്ലാത്ത ഒരു മകനും ഈ ലോകത്തിലില്ല.''

അതുകൊണ്ട് വേദനിക്കുന്ന ഹൃദയങ്ങളിലാവട്ടെ നമ്മുടെ വേല. നമുക്ക് അവിടുത്തെ വേലക്കാരാകാം, അപരനെ സ്നേഹിക്കാൻ, അവരോട് അനുകമ്പയുള്ളവരാകാൻ നമുക്ക് സാധിക്കട്ടെ. ദനഹാക്കാലത്തിലെ വെള്ളിയാഴ്ചത്തെ സപ്രാ പ്രാർത്ഥനയിൽ നാം ഇപ്രകാരം പാടി പ്രാർത്ഥിക്കുന്നുണ്ട്,

''നിന്നെ സ്വയമീ മന്നിൽ നീ
സ്നേഹിച്ചതുപോലനവരതം
സ്നേഹമരന്തമയൽക്കാരിൽ
വർഷിച്ചീടുക സഹജാ നീ''

അതെ, സ്നേഹത്തിലൂടെയും കാരുണ്യത്തിലൂടെയും ഈ ദനഹാക്കാലത്തിൽ നമുക്കും ക്രിസ്തു തന്ന ദൗത്യം സ്വീകരിക്കാം. ആദ്യം കേട്ട കഥയിലെപ്പോലെ ഒരു വാക്ക് ദൗത്യമാക്കി മാറ്റാം. വിളഭൂമിയിലേക്കുള്ള വേലക്കാരെ അയയ്ക്കാനുള്ള ക്രിസ്തുവിന്റെ വാക്കുകളാവട്ടെ അത്. ആ വാക്കും പേറിക്കൊണ്ട് നമ്മുടെ ദൗത്യം തിരിച്ചറിഞ്ഞ് അതിനുള്ള ശക്തിക്കായി ഈ പരിശുദ്ധ കുർബാനയിൽ നമുക്ക് ആത്മാർത്ഥമായി പ്രാർത്ഥിക്കാം. അതിന് ദൈവം നമ്മെ അനുഗ്രഹിക്കട്ടെ...